## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1795 17.06.2013 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവള നിർമ്മാണ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എ. അസീസ് : | | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | കണ്ണൂർ വിമാനത്താവള നിർമ്മാണ പുരോഗതി വിശദമാക്കുമോ; | | 1. വിമാനത്താവള നിർമ്മാണത്തിനായി ഇതിനകം 1277.93 ഏക്കർ സ്ഥലം രണ്ടു ഘട്ടങ്ങളിലായി ഏറ്റെടുക്കുകയും മൂന്നാം ഘട്ടത്തിൽ 783 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി നടന്നു വരികയുമാണ്.<br>2. വിമാനത്താവളത്തിന്റെ റൺവെ നിർമ്മിക്കുന്നതിന് ആവശ്യമായ വിശദമായ പ്രൊജക്ട് റിപ്പോർട്ടും (DPR) മാസ്റ്റർ പ്ലാനും തയ്യാറാക്കുന്നതിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ (സിയാൽ) നിയോഗിക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഇന്റഗ്രേറ്റഡ് പ്രൊജക്ട് കൺസൽട്ടന്റായി M/s AECOM നെ നിയോഗിക്കുകയും ചെയ്തു.<br>3. പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് കേന്ദ്ര എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി അന്തിമശുപാർശ നൽകിയിട്ടുണ്ട്.<br>4. വിമാനത്താവള നിർമ്മാണപ്രവർത്തനത്തിനായി യോഗ്യതയുള്ളവരുടെ അഭ്യർത്ഥനക്കായി ടെണ്ടർ ക്ഷണിക്കുകയും എയർപോർട്ടിന്റെ എയർസൈഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ഇ.പി.സി കോൺട്രാക്റ്റിന്റെ എയർസൈഡ് ഘട്ടത്തിനു വേണ്ടി 19 അപേക്ഷകർ അപേക്ഷകൾ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷകൾ വിശകലനം ചെയ്യുകയും ചെയ്തു. അവയിൽ 8 എണ്ണം യോഗ്യത നേടുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | തുടർന്ന് 29.04.2013 ന് RFP ക്ഷണിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച ഒന്നാമത് പ്രീ ബിഡ് മീറ്റിംഗ് 23.05.2013 ൽ നടത്തി. സാമ്പത്തിക കരാർ സെപ്റ്റംബർ ആദ്യ വാരത്തിൽ അവാർഡ് ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. സിയാൽ തയ്യാറാക്കിയ DPR ഉം മാസ്റ്റർ പ്ലാനും M/s AECOM പരിശോധിച്ച് മാസ്റ്റർ പ്ലാനിനും RFP ക്കും അന്തിമ രൂപം നൽകുകയും കിയാലിന്റെ 20.03.2013 ചേർന്ന ബോർഡ് യോഗം അവ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കണ്ണൂർ വിമാനത്താവളം എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | 2015 ഡിസംബറോടെ നിർമ്മാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ